പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.2486

05.11.2019 ൽ
മറുപടിയ്ക്ക്

## യുവജനക്ഷേമ വകുപ്പിന്റെ പദ്ധതികൾ

| ചോദ്യം<br>ശ്രീ. പി.സി.ജോർജ്ജ് | | മറുപടി<br>ശ്രീ.ഇ.പി.ജയരാജൻ<br>(ബഹു.വ്യവസായവും,ടെക്സ്റ്റൈൽസും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യുവജനക്ഷേമ വകുപ്പ് നടപ്പിലാക്കിയ പുതിയ പദ്ധതികൾ ഏതെങ്കിലും നിർത്തലാക്കേണ്ടി വരുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യുവജനക്ഷേമ വകുപ്പ് നടപ്പിലാക്കിയ പുതിയ പദ്ധതികളിൽ ഒന്നും നിർത്തലാക്കിയിട്ടില്ല |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടങ്ങിവച്ച ഏതെങ്കിലും പദ്ധതികൾ ഇപ്പോൾ നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടങ്ങിവച്ച പദ്ധതികളൊന്നും ഇപ്പോൾ നിർത്തലാക്കിയിട്ടില്ല |
| (സി) | യുവജനക്ഷേമ വകുപ്പ് പുതിയതായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ് എന്ന് വിശദമാക്കുമോ ? | (സി) | കേരള സംസ്ഥാന യുവജനകമ്മീഷൻ 2018-19 വർഷത്തിൽ നിയമവിദ്ഗ്ധരുടെ സഹായത്തോടെ ഒരു ടോൾഫ്രീ നമ്പർ മുഖാന്തിരം ഓൺലൈൻ സംവിധാനത്തിലൂടെ യുവജനങ്ങൾക്ക് സൗജന്യ നിയമ സഹായം നൽകുന്നതിനുള്ള യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. 2019-20 വർഷത്തിൽ സാംസ്കാരിക വിനിമയ പരിപാടി നടപ്പിലാക്കി വരുന്നുണ്ട്. ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിവിധ സംസ്കാരങ്ങൾ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളിലൂടെ പഠന വിധേയമാക്കുകയും സർക്കാരിന്റെ പരിഗണനയ്ക്കായി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്ന പദ്ധതിയാണിത്. പിന്നോക്ക വിഭാഗക്കാർക്കും ആദിവാസികൾക്കും അവരുടെ യുവജനങ്ങൾക്കും കോളനി കേന്ദ്രീകരിച്ച് സൗജന്യ ഹെൽത്ത് ക്യാമ്പ്, കാസർഗോട്ടെ ബഡ്സ് സ്കൂളുകളിൽ എത്തുന്ന എൻഡോസൾഫാൻ ദുരിതബാധിതരായ യുവജനങ്ങൾക്കും അവരുടെ മാതാപിതാക്കൾക്കും |

| | | | |
|---|---|---|---|
| | | | തൊഴിൽ പരിശീലനം നൽകുന്ന പദ്ധതികൾ കേരള സംസ്ഥാന ലൈബ്രറി കൺസിലുമായി ചേർന്ന് ലൈബ്രറികളിലും ക്ലബ്ബുകളിലും ഭരണഘടനാ സദസ്സുകൾ സംഘടിപ്പിക്കുന്നതും, ട്രൈബൽ ലൈബ്രറിയിൽ ബോധവത്കരണ പരിപാടികളും ഈ വർഷം നടപ്പിലാക്കിയ പുതിയപദ്ധതികളിൽപ്പെട്ടതാണ്.<br><br>കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 2019-20 സാമ്പത്തിക വർഷം സംസ്ഥാന സെവൻസ് ഫുട്ബോൾ മത്സരം, നാഷണൽ ഷോർട്ട് പ്ലേ കോമ്പറ്റീഷൻ, ഇന്റർ നാഷണൽ യംഗ് ഫിലിം ഫെസ്റ്റിവൽ, ഷോർട്ട് ഫിലിം ഫെസ്റ്റിവൽ, ജൻഡർ പദ്ധതികൾ എന്നീ പുതിയ പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**